## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 394 | 28/06/2012 -ൽ മറുപടിക്ക്

## സഞ്ചയിക സമ്പാദ്യ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി നിലവിലുണ്ടായിരുന്ന സഞ്ചയിക പദ്ധതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ; | (എ) കേരളത്തിലെ സ്കൂളുകളിൽ സഞ്ചയിക എന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ സഞ്ചയിക 2004 വരെ നല്ല നിലയിൽ പ്രവർത്തിച്ച് വന്നിരുന്നു. ദേശീയ സമ്പാദ്യവകുപ്പിന്റെ സഹകരണമില്ലായ്മ മൂലവും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കുള്ള ഇൻസന്റീവ് നിർത്തലാക്കിയത് മൂലവും പദ്ധതി ക്രമേണ ഇല്ലാതാവുകയാണുണ്ടായത്. |
| (ബി) എങ്കിൽ ഈ പദ്ധതിക്ക് പകരമായി മറ്റേതെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ ; | (ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) സഹകരണ വകുപ്പുമായി ചേർന്ന് സ്കൂൾ സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് സ്കൂൾ വിദ്യാർത്ഥികളുടെ ചെറുസമ്പാദ്യം സ്വരൂപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ വിശദമാക്കുമോ ? | (സി) സ്കൂൾ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്കൂൾ വിദ്യാർത്ഥികളുടെ ചെറു സമ്പാദ്യം സ്വരൂപിക്കുന്ന പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ